ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/04/2015*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!

*ദയാനന്ദ സന്ദേശം വൈദിക മാസിക*

## ദയാനന്ദ സന്ദേശം വൈദിക മാസിക

**സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**

**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ**

**വൈദിക സിംഹഗർജ്ജനം!**

**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**

**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**

**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**

**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**

*Email: dayanandasandesam@gmail.com*

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ**
**ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*




ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!






പുസ്തകം : 2 ലക്കം 10

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ചൈത്രം – വൈശാഖം
1190 മീനം – മേടം 2015 ഏപ്രിൽ

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-




## മഹാത്മാ ഹൻസ് രാജ് (1864-1938)


**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

- **ഏപ്രിൽ 06 – മഹാശയ് രാജ്പാൽ ബലിദാന ദിനം**
- **ഏപ്രിൽ 10 – ആര്യസമാജസ്ഥാപന ദിനം**
- **ഏപ്രിൽ 13 – ജാലിയൻ വാലാബാഗ് സ്മൃതി ദിനം**
- **ഏപ്രിൽ 19 – മഹാത്മാ ഹൻസ് രാജ് ജന്മദിനം**
- **ഏപ്രിൽ 20 – പണ്ഡിത വേദബന്ധു ശർമ്മ ജന്മദിനം**
- **ഏപ്രിൽ 26 – പണ്ഡിറ്റ് ഗുരുദത്ത വിദ്യാർത്ഥി ജന്മദിനം**

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### *മണ്ഡലം 1 സൂക്തം 4*

***മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ വിരാഡ് ഗായത്രീച്ഛന്ദഃ ഷഡ്ജഃ സ്വരഃ***

**ഉത ബ്രുവന്തു നോ നിദോ നിരന്യതശ്ചിദാരത |**

**ദധാനാ ഇന്ദ്ര ഇദ്ദുവഃ ||**

*(ഋഗ്വേദം 1.4.5)*

**പദാർത്ഥം:** ആരാണോ പരമേശ്വരന്റെ (ദുവഃ) സേവയെ ധാരണം ചെയ്ത് സർവ്വ വിദ്യകളും ധർമ്മവും പുരുഷാർത്ഥവും നേടിയിരിക്കുന്നത് അദ്ദേഹം മാത്രമാണ് (നഃ) നമുക്ക് എല്ലാവിദ്യകളേക്കുറിച്ചും ഉപദേശം നൽകേണ്ടത്. എന്തെന്നാൽ (ചിത്) നാസ്തികനും (നിദഃ) നിന്ദകനും ധൂർത്തനുമായ മനുഷ്യൻ നമ്മുടെ നിവാസ സ്ഥാനത്തുനിന്ന് (നിരാതത) ദൂരെ പോകട്ടെ. (ഉത) മറ്റു ദേശങ്ങളിൽ നിന്നും ദൂരത്ത് പോകട്ടെ. അതായത് അധർമ്മിയായവർ ഒരു ദേശത്തും ഉണ്ടാവരുതെന്നർത്ഥം.

**ഭാവാർത്ഥം:** ആപ്തപുരുഷന്മാരുടെ സത്സംഗവും ദുഷ്ടൻമാരുടെ കൂട്ടുകെട്ടുകളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്ത് സർവ്വത്രവിദ്യയുടെ വർദ്ധനവും അവിദ്യയുടെ നാശവും മാനിക്കപ്പെടേണ്ടവരുടെ സത്ക്കാരവും ദുഷ്ടന്മാർക്ക് ശിക്ഷയും ഈശ്വരോപാസനാ തുടങ്ങിയ ശുഭകർമ്മങ്ങളുടെ വൃദ്ധിയും അശുഭകർമ്മങ്ങളുടെ വിനാശവും നിത്യം നടത്തുന്നതരത്തിൽ പുരുഷാർത്ഥം ചെയ്യലാണ് എല്ലാ മനുഷ്യർക്കും ഉചിതമായിട്ടുള്ളത്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

### വേദങ്ങളുടെ അംഗങ്ങൾ

വേദാംഗങ്ങൾ ആറാണ്. 1. ശിക്ഷ, 2. കൽപം, 3. നിരുക്തം, 4. വ്യാകരണം, 5. ജ്യോതിഷം, 6. ഛന്ദസ്സ് എന്നിവയാണവ.

1. ശിക്ഷ - പാണിനീയ ശിക്ഷ, മാണ്ഡൂക്കി തുടങ്ങി അറുപതോളം ശിക്ഷാഗ്രന്ഥങ്ങൾ ഇന്ന് ലഭ്യമാണ്.

(തുടരും)

***'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'***
***സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ***






# ദയാനന്ദ സന്ദേശം

**ആര്യസമാജത്തിന്റെ മുഖപത്രം**

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 2** **ലക്കം 10**

**വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ചൈത്രം - വൈശാഖം**
**1190 മീനം - മേടം 2015 ഏപ്രിൽ**

**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| സ്വാദ്ധ്യായം | : | 8 |
| ജീവിതം ഒരലയാഴി | : | 11 |
| സംശയനിവാരിണി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| ഉപദേശ മഞ്ജരി | : | 14 |
| മഹർഷി ദയാനന്ദ സരസ്വതി | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### ജ്യോതിഷം: സത്യവും മിഥ്യയും



**വൈ**ദിക സാഹിത്യത്തിൽ ജ്യോതിഷത്തിന് വളരെ മഹത്തായ സ്ഥാനമാണ് നൽകിയിക്കുന്നത്. വേദങ്ങളുടെ ആറംഗങ്ങളിൽ ഒന്നായാണ് ജ്യോതിഷത്തെ പറയപ്പെടുന്നത്. വേദമന്ത്രങ്ങളുടെ ഗൂഢാർത്ഥം മനസ്സിലാക്കാൻ മറ്റു അംഗങ്ങളായ കൽപ്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ് എന്നിവക്കൊപ്പം ജ്യോതിഷത്തിനും വളരെ മഹത്തായ സ്ഥാനമുണ്ട്. അവ ഗണിത ജ്യോതിഷമാണ്. ഇന്ന് പ്രചാരത്തിലുള്ള ഫലം പ്രവചിക്കുന്ന ജ്യോൽസ്യമല്ലാ എന്നർത്ഥം. ഗണിതജ്യോതിഷത്തിന്റെയും ഫല ജ്യോതിഷത്തിന്റെ വ്യത്യാസം അറിയേണ്ടതുണ്ട്. സൂര്യ-നക്ഷത്രാദികളുടെ പ്രഭാവം പ്രകൃതിയിലുണ്ടാക്കുന്ന മാറ്റങ്ങളെകുറിച്ചുള്ള ശാസ്ത്രമാണ് ഗണിതജ്യോതിഷം. സൂര്യ-ചന്ദ്ര ഗ്രഹണങ്ങൾ എപ്പോൾ നടക്കും? ഋതുക്കളുടെ മാറ്റം എപ്പോഴുണ്ടാകും? എങ്ങിനെയുണ്ടാവും? ദിവസങ്ങളുടെ ദൈർഘ്യത്തിൽ വരുന്ന മാറ്റ

***സ ഹി സർവ്വവിത് സർവ്വകർത്താ ഈശ്വരേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)***
***ആ പരമാത്മാവ് സർവ്വാന്തര്യാമിയും സകലജഗത്തിന്റെയും കർത്താവുമാണ്.***
***ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.***

ങ്ങൾ എന്നിങ്ങനെ വിവിധവിഷയങ്ങൾ ഉൾക്കൊള്ളുന്ന ശാസ്ത്രമാണ് ഗണിതജ്യോതിഷം. നക്ഷത്രങ്ങളുടെ സ്ഥിതി നോക്കി പ്രാചീന ചരിത്രസംഭവങ്ങളുടെ സമയവിവരങ്ങൾ പോലും ജ്യോതിഷശാസ്ത്രമനുസരിച്ച് കണ്ടെത്താനാവും. മഹാഭാരതയുദ്ധം നടന്ന സമയത്ത് ഒരു പ്രത്യേകഗ്രഹനിലയായിരുന്നു. ക്രിസ്തുവിന് മുമ്പ് 3102 ഫെബ്രുവരി 20 ന് രണ്ടുമണികഴിഞ്ഞ് 30 സെക്കന്റ് സമയത്ത് ഈ ഗ്രഹനിലയായിരുന്നുവെന്ന് പാശ്ചാത്യജ്യോതിഷവിദഗ്ദനായ ബേലി പറയുന്നുണ്ട്. ഭാരതീയ ജ്യോതിശാസ്ത്രവും മഹാഭാരതയുദ്ധം നടന്നത് ഇക്കാലത്താണെന്ന് പറയുന്നു. ഇത്തരത്തിലുള്ള ശാസ്ത്രീയമായ വസ്തുതകളെ ഉൾക്കൊള്ളുന്ന ഗണിത ജ്യോതിഷം പ്രാമാണികമാണ്.

എന്നാൽ ജന്മലഗ്നത്തിൽ രാഹുവും ആറാസ്ഥാനത്ത് ചന്ദ്രനും വന്നാൽ കുട്ടിക്ക് മരണം സംഭവിക്കും. ജന്മലഗ്നത്തിൽ ശനിയും ആറാം സ്ഥാനത്ത് ചന്ദ്രനും ഏഴാം സ്ഥാനത്ത് ചൊവ്വയും വന്നാൽ കുട്ടിയുടെ പിതാവിന് മരണം നിശ്ചയം! രാത്രിയിലാണ് ജന്മമെങ്കിൽ ഇങ്ങിനെ സംഭവിക്കും! ഞായറാഴ്ചയായാൽ അങ്ങിനെ സംഭവിക്കും! ചൊവ്വാദോഷം, കണ്ടകശനി തുടങ്ങി ജനങ്ങളെ ഭയഭരിതരാക്കുന്ന ഇന്നത്തെ ജ്യോതിഷികൾ അനുവർത്തിക്കുന്നത് ഫലജ്യോതിഷമാണ്. ഇത് വേദാനുകൂലമല്ല. ചൊവ്വാദോഷം പോലുള്ള അന്ധവിശ്വാസങ്ങൾ കാരണം നിരവധിയുവതികൾ നരകിക്കുന്നു. ന്യായകാരിയായ ഈശ്വരൻ ഹിന്ദുക്കൾക്കുമാത്രമായി ഇത്തരം ക്രൂരതകൾ ഒരിക്കലും അടിച്ചേൽപ്പിക്കില്ല. ജാതകപ്പൊരുത്തം നോക്കൽ, ദേവപ്രശ്നം, തകിടും ചരടും ജപിച്ചുകെട്ടൽ എന്നിവയെല്ലാം വേദവിരുദ്ധമായ അനാചാരങ്ങളും അജ്ഞരായ ജനങ്ങളുടെ ധനവും സമയവും അപഹരിക്കുന്നതുമാണ്. നമ്മുടെ ആദർശപുരുഷന്മാരായ ശ്രീരാമനും ശ്രീകൃഷ്ണനും ജാതകം നോക്കിയല്ലാ വിവാഹിതരായത് എന്നോർക്കുക. പാണ്ഡവരുടെ അജ്ഞാതവാസസ്ഥലം കണ്ടുപിടിക്കാൻ പ്രശ്നം വെച്ചുനോക്കിയതായി മഹാഭാരതത്തിൽ കാണുന്നില്ല! ഇത്തരം അനാചാരങ്ങളെല്ലാം മഹാഭാരതയുദ്ധാനന്തരം ആരംഭിച്ചതാണ്. മഹർഷി ദയാനന്ദൻ സത്യാർത്ഥപ്രകാശത്തിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. ചൊവ്വാദോഷം മൂലമാണ് വിവാഹം നടക്കാത്തത് എന്നു വിശ്വസിക്കുന്ന ഹിന്ദുയുവതികളെ മതം മാറ്റാനായി തീവ്രശ്രമം നടക്കുന്നതായി അറിയുന്നു. അത്തരത്തിൽ മതം മാറ്റപ്പെട്ട ഒരു യുവതി അടുത്തിടെ വൈദികധർമ്മത്തിലേക്ക് തിരിച്ചുവരികയുണ്ടായി. ഫലജ്യോതിഷം പോലുള്ള കപടപദ്ധതികളിൽ പെട്ടുഴലുന്നവർക്കുള്ള പോംവഴി അവർ സത്യ-സനാതന-വൈദിക ധർമ്മത്തിലേക്ക് മടങ്ങുക (വേദങ്ങളിലേക്ക് മടങ്ങുക എന്നർത്ഥം) എന്ന മഹർഷി ദയാനന്ദന്റെ ആഹ്വാനമുൾക്കൊള്ളുകയാണ്.

ഓം കൃണ്വന്തോ വിശ്വമാര്യം!

**പത്രാധിപർ**

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*







# ഋഗ്വേദാദി ഭാഷ്യ ഭൂമിക

***മഹർഷി ദയാനന്ദ സരസ്വതി***

***തർജ്ജമ: കെ.എം. രാജൻ***

(മഹർഷി ദയാനന്ദ സരസ്വതി തന്റെ വേദഭാഷ്യം തുടങ്ങുന്നതിനുമുമ്പായി എഴുതിയ ആമുഖം അഥവാ ഭൂമികയാണ് ഋഗ്വേദാദി ഭാഷ്യ ഭൂമിക. ഡൽഹിയിലെ ആർഷ സാഹിത്യ പ്രചാർ ട്രസ്റ്റ് 2012 ൽ പുറത്തിറക്കിയ ഋഗ്വേദാദിഭാഷ്യ ഭൂമിക എന്ന ഹിന്ദി ഗ്രന്ഥത്തിന്റെ (11-ാം പതിപ്പ്) പദാനുപദ തർജ്ജമയാണിത്. മഹർഷിയുടെ മൂല സംസ്കൃതഭാഷ്യവും അതിന്റെ ഹിന്ദി പരിഭാഷയുടെ മലയാളവിവർത്തനവുമാണിത്.
(പത്രാധിപർ)

## ॥ओ३म्॥

അഥ ഋഗ്വേദാദി ഭാഷ്യ ഭൂമികാ

ഓം സഹ നാവവതു സഹനൗ ഭുനക്തു । സഹ വീര്യം കരവാവഹൈ ।
തേജസ്വിനാ വധീതമസ്തു । മാ വിദ്വിഷാവഹൈ ॥ (1)
ഓം ശാന്തിഃ ശാന്തിഃ ശാന്തി
(തൈത്തീരിയ-ആരണ്യകേ । നവമപ്രപാഠകേ പ്രഥമാനുവാകേ ॥)

ബ്രഹ്മാനന്തമനാദി വിശ്വകൃദജം സത്യം പരം ശാശ്വതം, വിദ്യായസ്യ സനാതനീ നിഗമഭൃദ് വൈധർമ്മ്യവിദ്ധ്വംസിനീ॥
വേദാഖ്യാ വിമലാ ഹിതാ ഹി ജഗതേ നൃഭ്യഃ സുഭാഗ്യപ്രദാ,
തന്നത്വാ നിഗമാർത്ഥഭാഷ്യമതിനാ ഭാഷ്യം തു തന്തന്യതേ ॥ (1)
കാലാരാമാങ്കചന്ദ്രേഽബ്ദേ ഭാദ്രമാസെ സിതേ ദലേ ।
പ്രതിപദ്യാദിത്യവാരേ ഭാഷ്യാരംഭഃ കൃതോ മയാ ॥ (2)
ദയായാ ആനന്ദോ വിലസതി പരഃ സ്വാത്മവിദിതഃ
സരസ്വത്യസ്യാഗ്രേ നിവസതി ഹിതാ ഹീശശരണാ ।
ഇയം ഖ്യാതിര്യസ്യ പ്രതതസുഗുണാ വേദമനനാഽസ്ത്യനേനേദം ഭാഷ്യം രചിതമിതി ബോദ്ധവ്യമനഘാഃ ॥ (3)

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 – 2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

മനുഷ്യേഭ്യോ ഹിതായൈവ സത്യാർത്ഥം സത്യമാനതഃ |
ഈശ്വരാനുഗ്രഹേണേദം വേദഭാഷ്യം വിധീയതെ || (4)
സംസ്കൃതപ്രാകൃതാഭ്യാം യദ്ഭാഷാഭ്യാമന്വിതം ശുഭമ് |
മന്ത്രാർത്ഥവർണനം ചാത്ര ക്രിയതെ കാമധുങ്മയാ || (5)
ആര്യണാം മുന്യൃഷീണാം യാ വ്യാഖ്യാരീതിഃ സനാതനീ |
താം സമാശ്രിത്യ മന്ത്രാർത്ഥാ വിധാസ്യന്തേ തു നാന്യഥാ || (6)
യേനാധുനികഭാഷ്യൈര്യേ ടികാഭിർ വേദദൂഷകാഃ |
ദോഷാഃ സർവേ വിനശ്യേയുരന്യഥാർഥ വിവർണനാഃ || (7)
സത്യാർത്ഥശ്ച പ്രകാശ്യേത വേദാനാം യഃ സനാതനഃ |
ഈശ്വരസ്യ സഹായേന പ്രയത്നോ൪യം സുസിദ്ധ്യതാമ് || (8)

ഭാഷാർത്ഥം: (സഹനാവ) അല്ലയോ സർവ്വശക്തിമാനായ ഈശ്വരാ! അങ്ങയുടെ കൃപ, രക്ഷ, സഹായം എന്നിവയാൽ ഞങ്ങൾ പരസ്പരം രക്ഷിക്കുമാറാകട്ടെ. (സഹ നൗ ഭുനക്തു) ഞങ്ങൾ പരമപ്രീതിയോടെ ഒന്നിച്ച് ഉത്തമ ഐശ്വര്യങ്ങളെ അതായത് ചക്രവർത്തി രാജ്യം മുതലായവയിൽ നിന്നുണ്ടാകുന്ന ആനന്ദത്തെ അങ്ങയുടെ അനുഗ്രഹത്താൽ സദാ അനുഭവിക്കുമാറാകട്ടെ. (സഹ വീര്യം) അല്ലയോ കൃപാനിധേ! അങ്ങയുടെ സഹായത്താൽ ഞങ്ങളിലുള്ള സാമർത്ഥ്യത്തെ പുരുഷാർത്ഥത്താൽ സദാ വർദ്ധിപ്പിക്കുമാറാകട്ടെ. (തേജസ്വി) കൂടാതെ അല്ലയോ പ്രകാശമയനും സർവ്വവിദ്യകളേയും നൽകുന്നവനുമായ പരമേശ്വരാ! അങ്ങയുടെ സാമർത്ഥ്യത്താൽ ഞങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും എല്ലാ ലോകങ്ങളിലും പ്രകാശം പ്രാപിക്കുമാറാകുകയും ഞങ്ങളുടെ വിദ്യ സദാ വർദ്ധിക്കുകയും ചെയ്യുമാറാകട്ടെ. (മാ വിദ്വിഷാ) അല്ലയോ പ്രീതിയുടെ ഉത്പ്പാദകാ! ഞങ്ങൾ ഒരിക്കലും പരസ്പരം വിരോധം വെച്ചു പുലർത്തരുതേ. പരസ്പരം മിത്രഭാവേന വർത്തിക്കുമാറാകട്ടെ.

(ഓം ശാന്തിഃ) അല്ലയോ ഭഗവാൻ! അങ്ങയുടെ കരുണയാൽ മൂന്നു പാപങ്ങൾ– അവയിൽ ഒന്നായ 'ആധ്യാത്മികം'– പനി തുടങ്ങി ശരീരത്തിനുണ്ടാവുന്ന പീഡകൾ, രണ്ടാമത്തേതായ 'ആധിഭൗതികം' അതായത് മറ്റു പ്രാണികളിൽ നിന്നുണ്ടാകുന്ന ക്ലേശങ്ങൾ, മൂന്നാമതായി 'ആധി ദൈവികം' മനസ്സ്, ഇന്ദ്രിയങ്ങളുടെ വികാരങ്ങൾ, അശുദ്ധി, ചഞ്ചലത തുടങ്ങിയ മുന്നു പാപങ്ങളിൽ നിന്നും അങ്ങ് ഞങ്ങളെ ശാന്തമാക്കിയാലും– നിവാരണം ചെയ്താലും. അങ്ങിനെ സുഖപൂർവ്വം ഈ വേദഭാഷ്യത്തെ യഥാവത് രചിച്ച് എല്ലാ മനുഷ്യർക്കും ഉപകാരം നൽകുമാറാകട്ടെ. ഇതാണ് അങ്ങയിൽ നിന്ന് ആഗ്രഹിക്കുന്നത്. കൃപചെയ്ത് ഞങ്ങൾക്ക് എല്ലാ ദിവസങ്ങളിലും സഹായം നൽകിയാലും.

(തുടരും)

*മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ*
*(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്*
*ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

***തർജ്ജമ: നചികേതസ്***

**40. ആര്യൻ:–** ശ്രേഷ്ഠ സ്വഭാവമുള്ളവൻ, ധർമ്മാത്മാവ്, പരോപകാരി സത്യവിദ്യാഗുണങ്ങളോടു കൂടിയവൻ, ആര്യാവർത്തദേശത്തിൽ പാർക്കുന്നവൻ എന്നിവരെയാണ് ആര്യൻ എന്നു വിശേഷിപ്പിക്കുന്നത്. വേദം പറയുന്നു. 'ആര്യ ഈശ്വരപുത്രഃ' ആര്യൻ ഒരു ജാതി വിശേഷമല്ല. ശ്രേഷ്ഠവ്യക്തിയുടെ പേരാണിത്. അതിനാൽ വേദങ്ങളിൽ പറയുന്നു. 'കൃണ്വന്തോ വിശ്വമാര്യം' എന്ന്. ലോകം മുഴുവൻ ആര്യ (ശ്രേഷ്ഠ)മയമാക്കാൻ. ആര്യൻമാർ മറ്റേതെങ്കിലും ദേശങ്ങളിൽ നിന്നുവന്നവരല്ല. അവർ ഭാരതത്തിലെ മൂലനിവാസികളാണ്. അതിനാലാണ് നമ്മുടെ നാടിന് ആര്യവർത്തമെന്ന പേരുവന്നത്.

**41. ആര്യാവർത്തദേശം:–** ഹിമാലയം, വിന്ധ്യാചലം, സിന്ധു നദി, ബ്രഹ്മപുത്ര നദി ഇവ നാലിനും മധ്യേ വിസ്തൃതമായി കിടക്കുന്ന ദേശമാണ് ആര്യാവർത്തം.

**42. ദസ്യു:–** അനാര്യൻ അഥവാ അറിവില്ലാത്തവൻ, ആര്യന്മാരുടെ സ്വഭാവത്തിനും നിവാസത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്നവൻ, കൊള്ളക്കാരൻ, കള്ളൻ, ഹിംസ ചെയ്യുന്നവൻ എന്നിങ്ങനെയുള്ള ദുഷ്ടമനുഷ്യരെയാണ് ദസ്യു എന്നു പറയുന്നത്.

കർമ്മങ്ങൾ ചെയ്യാത്തവരേയും ദസ്യുവെന്ന് വേദങ്ങളിൽ പറയുന്നുണ്ട്-അകർമ്മാ ദസ്യു


**43. വർണം:–** ഗുണം, കർമ്മം എന്നിവയുടെ യോഗത്താൽ ഗ്രഹിക്കാവുന്നതിനേ വർണശബ്ദം കൊണ്ടർത്ഥമാക്കണം. ഇതിനർത്ഥം ജന്മം കൊണ്ടല്ലാ കർമ്മം കൊണ്ടാണ് വർണം ഉണ്ടാകുന്നത് എന്നാണ്.

**44. വർണഭേദം:–** ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവയേ വർണ്ണമെന്നു പറയുന്നു. വിദ്യകൊണ്ട് ശ്രേഷ്ഠരായവൻ ബ്രാഹ്മണനും ബലം കൊണ്ട് ശ്രേഷ്ഠനായവൻ ക്ഷത്രിയനും ധനത്താൽ ശ്രേഷ്ഠനായവൻ വൈശ്യനും സേവാകാര്യങ്ങൾ ചെയ്യുന്നതിൽ സമർത്ഥനെ ശൂദ്രനെന്നും പറയുന്നു. ഇവ ജനനം മൂലമല്ലാ കർമ്മാനുസാരമാണ്.

**45. ആശ്രമം:–** അത്യന്ത പരിശ്രമം മൂലം ഉത്തമഗുണങ്ങളെ ഗ്രഹിക്കുകയും ശ്രേഷ്ഠ കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതാണ് ആശ്രമം എന്നു പറയുന്നത്. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ഏതെങ്കിലും ആശ്രമവാസി നികൃഷ്ടകർമ്മം ചെയ്യുന്നവരായി തീരരുത്.

*(തുടരും)*

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***



# സ്വാദ്ധ്യായം

*നചികേതസ്*

(വൈദിക വിഷയങ്ങളെകുറിച്ച് വായനക്കാർക്കുണ്ടാവുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനായി 'സ്വദ്ധ്യായം' എന്ന ഒരു പംക്തി ആരംഭിക്കുകയാണ്. സംശയങ്ങൾ വ്യക്തമായും സംക്ഷിപ്തമായും അയക്കുക. പേരും പൂർണ്ണവിലാസവും (ഫോൺനമ്പർ സഹിതം) എഴുതിയിരിക്കണം. സംശയങ്ങൾ അയക്കേണ്ട വിലാസം നചികേതസ്, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി - 679 504)

പത്രാധിപർ

**വിദ്യാധരൻ കെ.പി. പട്ടാമ്പി**

***ചോദ്യം:*** ***ഈശ്വരൻ സർവ്വവ്യാപിയാണെന്ന വൈദികസിദ്ധാന്തത്തേയും ദയാനന്ദ സന്ദേശത്തിൽ കൊടുത്തിരിക്കുന്ന സൃഷ്ടി സംവത്സരം (1972949116), തുടങ്ങി ആര്യ സമാജം മുന്നോട്ടുവെയ്ക്കുന്ന പലകാഴ്ചപ്പാടുകളേയും ബ്രഹ്മകുമാരി മതക്കാർ അംഗീകരിക്കുന്നില്ല. ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നിവർക്കുപോലും അവർ മാന്യത നൽകുന്നില്ല. കേരളമൊട്ടാകെ ഇവരുടെ രാജയോഗ ശിബിരങ്ങളും പ്രവചനങ്ങളും നിരന്തരം നടക്കുന്നുണ്ട്. ധാരാളം ഹിന്ദുക്കൾ ഇവരുടെ അനുയായികളായി കൊണ്ടിരിക്കുന്നുമുണ്ട്. ഇതിനെകുറിച്ച് ആര്യസമാജത്തിന്റെ കാഴ്ചപ്പാട് അറിയാൻ താത്പര്യമുണ്ട്.***

***ഉത്തരം:*** ഇന്ന് നമ്മുടെ നാട്ടിൽ നിരവധി വിശ്വാസധാരകൾ പ്രചാരത്തിലുണ്ട്. ആയിരക്കണക്കിന് ആൾദൈവങ്ങൾ ആശ്രമങ്ങളും മറ്റും സ്ഥാപിച്ച് വേദവിരുദ്ധപ്രവർത്തനം നടത്തുന്നുണ്ട്. അടുത്തകാലത്ത് ഹരിയാനയിൽ അറസ്റ്റുചെയ്യപ്പെട്ട കുപ്രസിദ്ധനായ രാംപാൽ എന്ന സ്വയം പ്രഖ്യാപിത ദൈവത്തെകുറിച്ച് ഓർക്കുക! ആര്യസമാജത്തിന്റെ നിരന്തരപ്രക്ഷോഭങ്ങളുടെ ഫലമായാണ് ഈ അറസ്റ്റ് നടന്നത്. ബ്രഹ്മാകുമാരിക്കാരും ഇവരിൽ നിന്ന് വ്യത്യസ്ഥരല്ല. താങ്കൾ ഉന്നയിച്ച സംശയത്തിനു സമാനമായ ഒരു ചോദ്യത്തിനുള്ള മറുപടി അജ്മേരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'പരോപകാരി' എന്ന വൈദികമാസികയിൽ (2015 ജനുവരി 1-15) ആചാര്യ സോമ്ദേവ്ജി നൽകിയത് ഇവിടെ സംക്ഷിപ്തമായി നൽകുന്നു.

ബ്രഹ്മാകുമാരി മതക്കാർ നമ്മുടെ പ്രാചീന ഭാരതീയ ഇതിഹാസത്തേയും വേദാദി ശാസ്ത്രങ്ങളേയും നിന്ദിക്കുന്നവരാണ്. അവരുടെ കാഴ്ചപ്പാട് അനുസരിച്ച് ഈ സൃഷ്ടിക്ക് 5000 വർഷത്തോളമെ പഴക്കമുള്ളു. ലക്ഷകണക്കിന് വർഷം മുമ്പ് ജീവിച്ചി

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





രുന്ന ശ്രീരാമാദികളെ അവർ അംഗീകരിക്കുന്നില്ല. ഈശ്വരൻ സർവ്വവ്യാപിയല്ലെന്നും ഏകദേശവാസിയാണെന്നും തങ്ങളുടെ മത പ്രചാരകനായിരുന്ന ലേഖ്രാജിനെ ബ്രഹ്മം അഥവാ പരമാത്മാവായി കരുതുകയും ചെയ്യുന്നു.

ഈ വിഷയത്തേക്കുറിച്ച 'സത്യാർത്ഥ ഭാസ്കർ' എന്ന ഹിന്ദി ഗ്രന്ഥത്തിൽ സ്വാമി വിദ്യാനന്ദ സരസ്വതി വിസ്തരിച്ചു പറയുന്നുണ്ട്. അവ ഇവിടെ പകർത്താം.

ദാദാ ലേഖ്രാജ് എന്ന പേരിൽ കുപ്രസിദ്ധനായ 'ഖൂബ്ചന്ദ് കൃപലാനി' എന്ന പെൻഷൻ പറ്റിയ വ്യക്തി തന്റെ കാമവാസന ശമിപ്പിക്കുന്നതിനായി സിന്ധിൽ സ്ഥാപിച്ച 'ഓം മണ്ഡലി' എന്ന സംഘടനയാണ് ബ്രഹ്മാകുമാരി മതമെന്ന പേരിൽ പിന്നീട് അറിയപ്പെട്ടത്. ആദ്യമായി അയാൾ മായാദേവി എന്ന ഒരു വിധവയേ കൽക്കത്തയിൽ നിന്നും അപഹരിച്ചു കൊണ്ടുപോയി. അവരുടെ നേതൃത്വത്തിൽ നിരവധി യുവതികളെ അയാൾ തന്റെ കെണിയിൽപെടുത്തി. അലഹാബാദിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഒരു വാരിക ഇവരുടെ തട്ടിപ്പ് വെളിയിൽ കൊണ്ടുവന്നതിന്റെ ഫലമായി 1939 ൽ റഫീഖ് പി. സി. എസ്. ന്റെ കോടതിയിൽ അവർക്കെതിരെ കേസ് വന്നു. തന്റെ സത്യവാങ്മൂലത്തിൽ മായാദേവി പറയുന്നു. ജനങ്ങളുടെ ഇടയിൽ ചെന്ന് ഞാൻ ഗോപികയും അദ്ദേഹം കൃഷ്ണനുമാണെന്ന് പറയാൻ ഗുരുജി എന്നോട് ആവശ്യപ്പെട്ടു. ഞാൻ ഒരു ഘോരപാപിയാണ്. എത്രയോ നിഷ്കളങ്കരായ പെൺകുട്ടികളെ ഞാൻ വട്ടം കറക്കി. നിരവധി പേരെ അവരുടെ ഭർത്താക്കന്മാരിൽ നിന്നും അകറ്റി (ആര്യജഗത്, ജലന്ധർ 23-7-1961). കലിയുഗത്തിലെ ഈ കൃഷ്ണൻ കോടതിയിൽ ക്ഷമാപണം നടത്തി തടിതപ്പി. 1940 ആഗസ്റ്റ് 13 ന് ഇയാൾ ബീഹാറിൽ തന്റെ കേന്ദ്രം സ്ഥാപിച്ചു. അനുയായികളും ഗോപികമാരും വരാൻ തുടങ്ങി. ഒരു നാൾ അയാൾ പ്രായമായ ഒരു ഹരിജനായ വ്യക്തിയുടെ ചെറുപ്പക്കാരിയായ ഭാര്യ 'ധനിയ'യേയും കൊണ്ട് കടന്നുകളഞ്ഞു. വീണ്ടും കേസ് ആയി. ധനിയ കോടതിയിൽ ഇങ്ങിനെ പറഞ്ഞു. 'ഈ ഗുരു മഹാരാജ് എന്നോട് പറഞ്ഞു ഞാൻ അയാളുടെ ഭാര്യയാണെന്ന്. ബ്രഹ്മാവ് എന്നെ അയാൾക്കായി അയച്ചുകൊടുത്തതാണെന്ന്. ഇത്തരത്തിൽ നാനാ പ്രകാരത്തിലുള്ള അനൈതിക കർമ്മങ്ങൾ ചെയ്തുകൊണ്ട് ദാദാ ലേഖ് രാജ് ഹൈദരാബാദി (സിന്ധ്)ൽ ഒതുങ്ങിക്കൂടി. യുവതികളെ ഗോപികമാരാക്കി രാസലീലകൾ ആടാൻ തുടങ്ങി. ഈ രാസലീലയിലൂടെ നടക്കുന്ന വ്യഭിചാരത്തേക്കുറിച്ച് പ്രസിദ്ധ പണ്ഡിതനും ഓജസ്വിയായ വാഗ്മിയുമായിരുന്ന ടി.എൻ.വാസ്വാനി ശക്തമായി പ്രചാരണം നടത്തി. ദേശം മുഴുവനും വിശേഷിച്ച് സിന്ധിൽ ഇത് കോളിളക്കം സൃഷ്ടിച്ചു. ഓം മണ്ഡലിയുടെ കറുത്ത പ്രവർത്തികൾ തുറന്നുകാട്ടപ്പെട്ടു. ഇവിടെയും കോടതി കേസ് വന്നു. പട്നയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'യോഗി' എന്ന പത്രത്തിൽ സരസ്വതിയുടെ വിവരണം ശ്രദ്ധേയമാണ്. "ഓം മണ്ഡലിക്കെതിരെ പിക്കറ്റിംഗ് തുടങ്ങികഴിഞ്ഞു. സി. പി. സി. 107 അനുസരിച്ച് ഓം മണ്ഡലിയുടെ സ്ഥാപകനും മറ്റംഗ

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa***
***(Atharva Veda 3.30.3) Let not a brother hate his brother and***
***let not a sister hate her sister***

ങ്ങൾക്കുമെതിരെ കേസ് രജിസ്ട്രർ ചെയ്തു. (ഭാഗം 39, സംഖ്യാഖണ്ഡം 61, മെയ് 1938). ദാദാ ലേഖ്‌രാജിന് ജയിൽ ശിക്ഷ ലഭിച്ചു.

ഭാരതവിഭജനത്തിനു ശേഷം ബ്രഹ്മാകുമാരികളുടെ ആസ്ഥാനം അബൂപർവ്വതത്തിലാണ്. 1969 ജനുവരിയിൽ ദാദാ ലേഖ് രാജിന്റെ മരണശേഷം ദീദി എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രകാശമണി ഈ മതക്കാരുടെ നേതാവായി. ഇപ്പോൾ ഇവർക്ക് രണ്ടായിരത്തിലധികം ശാഖകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. പത്താതരം വരെ പഠിച്ച പ്രകാശമണി അബുപർവ്വതത്തിലിരുന്ന് വിശ്വം മുഴുവനുമുള്ള തന്റെ ധർമ്മസാമ്രാജ്യം നിയന്ത്രിക്കുന്നു. എല്ലാ സാധികമാരും ബ്രഹ്മാകുമാരികൾ എന്ന പേരിലും സാധകന്മാർ ബ്രഹ്മാകുമാരന്മാർ എന്നും അറിയപ്പെടുന്നു. പ്രചാരികമാർ മിക്കവരും അവിവിഹാതികളാണ്. വിവാഹിതകൾ തങ്ങളുടെ ഭർത്താക്കന്മാരെ ഉപേക്ഷിച്ച് സാധികമാരായി തീരുന്നുണ്ട്. ശുഭ്രവസ്ത്രമാണിവർ ധരിക്കുന്നത്. പ്രചാരികമാർ പ്രത്യേക പ്രകാരത്തിൽ സുറുമ ഇടാറുണ്ട്. ഇത് അവരുടെ ആകർഷണശക്തി കൂട്ടാൻ സഹായിക്കുന്നു. ഏഴു ദിവസം നീണ്ടുനിൽക്കുന്ന ഇവരുടെ ശിബിരം മൂലം ബ്രഹ്മസാക്ഷാൽക്കാരം ഉണ്ടാകുമെന്ന് അവകാശപ്പെടുന്നു.

ബ്രഹ്മാകുമാരന്മാരുടേയും കുമാരിമാരുടേയും സമാഗമം മദ്ധ്യകാലീന വാമമാർഗ്ഗികളുടെ ഭൈരവി ചക്രത്തിനു തുല്ല്യമാണ്. തങ്ങളുടെ യോഗങ്ങളിലും പരിപാടികളിലും ദേശ-വിദേശങ്ങളിൽ നിന്നുള്ള പ്രമുഖ വ്യക്തികളെ ഇവർ വിളിക്കാറുണ്ട്. ഇവരുടെ യഥാർത്ഥ പ്രവർത്തനമറിയാത്ത അത്തരം വിശിഷ്ട വ്യക്തികൾ ജനങ്ങൾക്ക് തെറ്റായ സന്ദേശമാണ് നൽകുന്നത്. കോടികണക്കിന് ആസ്തികളുള്ള ഇവരുടെ വരുമാനസ്രോതസ്സ് എന്താണെന്നറിയില്ല. മഹർഷി പതഞ്ജലിയുടെ യോഗദർശനത്തിൽ വരുന്ന രാജയോഗത്തിന്റേയും വ്യാസരചിത ഗീതയുടേയും ബാലപാഠംപോലുമറിയാത്ത ഈ ബ്രഹ്മാകുമാരി-കുമാരന്മാർ രാജയോഗം, ശിവൻ, ബ്രഹ്മ, കൃഷ്ണൻ, ഗീത എന്നിവയെകുറിച്ച് ഉച്ചത്തിൽ സംസാരിക്കുന്നു. വിശ്വശാന്തിക്കും സാംസ്കാരിക ഉയർച്ചയ്ക്കെന്നും പറഞ്ഞ് വൻ ആഡംബര പരിപാടികൾ ഇവർ നടത്തുന്നു.

ബ്രഹ്മാകുമാരികളുടെ പ്രവർത്തനപദ്ധതിമാത്രമാണിവിടെ സൂചിപ്പിച്ചത്. സൈദ്ധാന്തിക തലത്തിൽ വേദവിരുദ്ധമായ അവരുടെ ആശയസംഹിതകൾ പൊളിച്ചെഴുതേണ്ടതുണ്ട്. അവ പ്രമാണസഹിതം ഖണ്ഡിക്കാൻ ആര്യസമാജം സദാ തയ്യാറാണ്. ഈശ്വരന്റെ സർവ്വവ്യാപകത്വം, വേദസൃഷ്ടിസംവത്സരം എന്നീ സംശയങ്ങൾക്ക് സത്യാർത്ഥപ്രകാശം, ഋഗ്വേദാദി ഭാഷ്യ ഭൂമിക തുടങ്ങിയ മഹർഷി ദയാനന്ദന്റെ ഗ്രന്ഥങ്ങൾ വായിക്കുക. വേദവിരുദ്ധമായ ബ്രഹ്മാകുമാരി മത സിദ്ധാന്തങ്ങളെ പ്രമാണസഹിതം ഖണ്ഡനം ചെയ്യുന്ന ഒരു ലേഖനം ദയാനന്ദസന്ദേശത്തിലൂടെ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ●

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 2



**ആ**ണ്ടോടാണ്ടു മേടമാസത്തിൽ നടന്നിരുന്ന ആ ഉത്സവം എത്ര ഗംഭീരമായിരന്നു. കേരളത്തിൽ വെച്ചേറ്റവും തലക്കനവും ഉയരവും കൂടിയ ഗജവീരന്മാരായിരുന്നു എഴുന്നെള്ളിക്കാൻ. കൂടൻ, മാരാര് ചെർളയം, കിളീന്തി, ഒളപ്പമണ്ണ വൈസ്രോയി മുതലായ വമ്പൻ കൊമ്പൻമാർ. മേളക്കാരും പഞ്ചവാദ്യക്കാരും തായമ്പകക്കാരും മറ്റും ഒന്നാംകിടക്കാർ തന്നെ. പനങ്കുശി ഗോന്ദൻ, തിരുവേഗപ്പുറ രാമൻ, കേശവൻ, ആലിപ്പറമ്പ് ശിവരാമൻ മുതലായ ചെണ്ടക്കാരും വെങ്കിച്ചൻ, പുന്നത്തൂർ മാധവൻ, മഞ്ചേരി ശങ്കുണ്ണി, തരൂർ നമ്പീശൻ മുതലായ മദ്ദളക്കാരും അന്നമനട അച്ചുമാരാർ, പരമേശ്വരൻ, പീതാംബരൻ മുതലായ തിമിലക്കാരും മറ്റും അടിപണിഞ്ഞിരുന്ന കാലമായിരുന്നു അന്ന്. പിന്നെ ചാക്യാർ കൂത്ത്, പാഠകം, ഓട്ടൻതുള്ളൻ, മോഹിനിയാട്ടം, കുറത്തിയാട്ടം, നാദസ്വരം, കഥകളി എന്നു വേണ്ട, സകലകലാകേളീരംഗമായിരുന്നില്ലേ ഈ ശ്രീരാമസ്വാമിക്ഷേത്രം!

കിഴക്കെ ഗോപുരനടയിൽ പടവുപൊളിഞ്ഞ്, വിണ്ട്, മടവീണ് എലികളുടേയും ഇഴജാതികളുടെയും നിവാസകേന്ദ്രമായി മാറിയ വട്ടത്തറമേൽ ഇലകൊഴിഞ്ഞ്, ചുക്കി ചുളിഞ്ഞ്, വയോവൃദ്ധനായ ഒരുതപസ്വിയെന്നോണം വർത്തിക്കുന്ന ഈ സർവരോഗനാശകോഷധിയായ അരയാൽമരത്തെ വൈരാഗിയാക്കിതീർത്തത് അനിത്യത തന്നെയല്ലെ!

അതിന്റെ കിഴക്ക് വലിയ ഗോപുരത്തിനൊത്ത ഇരുനിലയുള്ള പടിപ്പുരക്കപ്പുറമതാ ജീർണിച്ചു നിലം പൊത്താറായിനിൽക്കുന്ന മന. മുപ്പത്തിരണ്ടുകെട്ടുകളോടുകൂടിയ ഭീമാകാരമായ രാജകൊട്ടാരം. തെക്കിനിക്കും പടിഞ്ഞാറ്റിക്കുമുണ്ട് നിലകൾ. നാലു പുറവും ഓരോ പ്രായപൂർത്തിയായ തമ്പുരാക്കൻമാരുടേയും പത്തായപ്പുരകൾ നെറ്റിപ്പട്ടമണിഞ്ഞ് തലയെടുപ്പോടെ നിൽക്കുന്ന കരിവീരർസമാനം നിന്നിരുന്നവ തന്നെയാണോ ഈ കാണുന്ന നമ്രശിരസ്കർ! ഒരു ചെറുപട്ടണത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന അന്നത്തെ പൊൽപ്പുള്ളി തന്നെയാണോ ഈ കാണുന്നത്? പട്ടണപ്രവേശനത്തിന് ആർക്കും വിലക്കുണ്ടായിരുന്നില്ല അന്ന്. ആർക്കും എത്രനാൾ വേണമെങ്കിലും കൂടാം ആർക്കും ഒരലട്ടലുമില്ലാതെ. ഉണ്ണാനും ഉടുക്കാനും തേക്കാനും വിഷമിക്കേണ്ട. പാട്ട്, കൊട്ട്, ശീട്ട്, ചതുരംഗാദി വിനോദങ്ങളുമുണ്ട്.

***(തുടരും)***

***വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി

## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ഈശ്വരൻ** സർവ്വജ്ഞനും ന്യായകാരിയുമാണ്. ജീവാത്മാക്കളുടെ കർമ്മങ്ങൾക്കെല്ലാം ന്യായമായ ഫലങ്ങൾ നൽകുന്നു. ജീവാത്മാക്കൾ കർമ്മങ്ങൾ ചെയ്യുന്നതിൽ പൂർണ്ണ സ്വതന്ത്രരാണ്. എന്നാൽ കർമ്മഫലം ഈശ്വരന്റെ അധീനതയിലാണ്. ഈശ്വരൻ സർവ്വഗുണയുക്തനാണ്. അദ്ദേഹത്തിനു തുല്ല്യം നിൽക്കാൻ ഒരു ജീവാത്മാവിനും സാദ്ധ്യമല്ല. ഈ ബ്രഹ്മാണ്ഡത്തിലുള്ള ജീവാത്മാക്കൾ മുഴുവൻ ഒത്തുചേർന്നാലും ഈശ്വരനെ പൂർണ്ണരൂപത്തിൽ മനസ്സിലാക്കാൻ സാദ്ധ്യമല്ല. ഈശ്വരൻ ഇത്രയും വിശാലമായ ഈ ബ്രഹ്മാണ്ഡത്തെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. എല്ലാ ജീവികൾക്കും കർമ്മഫലത്തെ പ്രദാനം ചെയ്യുന്നു. ഇതെല്ലാം ഒരൽപ്പജ്ഞന് ചെയ്യാൻ സാദ്ധ്യമാണോ? ഒരിക്കലുമല്ല. ഇത് സർവ്വജ്ഞനുമാത്രമേ സാധിക്കുകയുള്ളു.

ഈശ്വരൻ എല്ലാ ജീവികളുടേയും പൂർവ്വജന്മ-ജന്മാന്തരകാര്യങ്ങളെ പറ്റിയെല്ലാം അറിവുള്ളവനാണ്. സർവ്വജ്ഞനായതിനാൽ ജീവാത്മാക്കളുടെ കൂടെ വർത്തമാനത്തിൽ വസിച്ച് എല്ലാം അറിയുകയും ചെയ്യുന്നു. മനുഷ്യൻ സർവ്വശ്രേഷ്ഠമായ യോനിയിൽ ജനിച്ചവനാണെങ്കിലും സൃഷ്ടിരചന നടത്താൻ പ്രാപ്തനല്ല. മനുഷ്യൻ വേദജ്ഞാനം വഴി ലഭിച്ച അറിവിനെ സ്വന്തം സുഖങ്ങൾക്കായി ഉപയോഗിച്ച് സ്വയം സർവ്വജ്ഞനായി ഭാവിക്കുന്നു. ഈശ്വരന്റെ ജ്ഞാനകർമ്മങ്ങളിൽ സംശയാലുവായി തീരുന്നു. എന്നാൽ അവൻ അജ്ഞാനിയാണ്. എപ്പോഴും അങ്ങിനെ തന്നെ ആയിരിക്കുകയും ചെയ്യും. കാരണം ആത്മാവ് അണുസമാനനും ഒരു സ്ഥലത്തുമാത്രം താമസിക്കുന്നവനുമാണ്.

ജീവാത്മാവ് സ്വതന്ത്രനായതുകൊണ്ട് അതിനെ കർത്താവ് എന്നു പറയുന്നു. കർമ്മം ചെയ്യാത്തിടത്തോളം കാലം ഈശ്വരൻ കർമ്മഫലത്തേയും തരുന്നില്ല. എല്ലാ ജീവാത്മാക്കൾക്കും കർമ്മഫലത്തെ നൽകുന്നത് ഈശ്വരനാണ്. കർമ്മഫലത്തെ എപ്പോഴായാലും അനുഭവിക്കുകതന്നെ വേണം.

ഈശ്വരൻ എപ്പോഴും ഏകരസത്തോടു കൂടിയവനും അഖണ്ഡിതനുമായി വർത്തിക്കുന്നു.

*(തുടരും)*

***ഓം ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)***
***ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ***







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 2 ബാലശിക്ഷണം

**ചോദ്യം 6 :** മരണാനന്തരം നാം എങ്ങോട്ട് പോകുന്നു?

**ഉത്തരം :** പാപ-പുണ്യങ്ങളുടെ ഫലമനുഭവിക്കാനായി നമ്മൾ വീണ്ടും ജന്മമെടുക്കുന്നു.

**ചോദ്യം 7 :** അടുത്ത ജന്മത്തിലേക്ക് നമ്മേ അയക്കുന്നതാരാണ്?

**ഉത്തരം :** ഈശ്വരൻ

**ചോദ്യം 8 :** മന്ത്രം ജപിച്ചാൽ ഏതെങ്കിലും അസുഖം മാറുമോ?

**ഉത്തരം :** ഇല്ല. മന്ത്രം ജപിച്ചിരിക്കുന്നത് ഒരു രോഗത്തിനുമുള്ള ചികിൽസയല്ല

**ചോദ്യം 9 :** ഗ്രഹങ്ങളുടെ പ്രഭാവത്താലാണോ നമ്മുടെ ജീവിതത്തിൽ സുഖഃദുഖങ്ങളുണ്ടാവുന്നത്!

**ഉത്തരം :** അല്ല. നമ്മുടെ ജീവിതത്തിലെ സുഖ ദുഃഖങ്ങളുണ്ടാകുന്നത് ഗ്രഹങ്ങളുടെ പ്രഭാവത്താലല്ല.

**ചോദ്യം 10 :** ചൊവ്വ, ശനി തുടങ്ങിയ ഗ്രഹങ്ങൾ നമ്മുടെ കർമ്മങ്ങളിൽ എന്തെങ്കിലും സ്വാധീനം ചെലുത്തുന്നുണ്ടോ?

**ഉത്തരം :** ഇല്ല. നമ്മുടെ കർമ്മങ്ങളിൽ ഈ ജഢവസ്തുക്കൾക്ക് ഒരു സ്വാധീനവുമില്ല.

**ചോദ്യം 11 :** ജാതകത്തിലെഴുതിയ കാര്യങ്ങൾ സത്യമാണോ?

**ഉത്തരം :** നമ്മുടെ ഭാവികാര്യങ്ങൾ ആർക്കും അറിയാൻ കഴിയില്ല. അതിനാൽ ജാതകത്തിൽ പറയുന്നത് യഥാർത്ഥമാവുകയില്ല.

**ചോദ്യം 12 :** വഞ്ചന, കപടത എന്നിവ എന്താണ്?

**ഉത്തരം :** മറ്റുള്ളവരുടെ കഷ്ടതകളിൽ ശ്രദ്ധകൊടുക്കാതെ സ്വന്തം സ്വാർഥലാഭത്തിനായി ചെയ്യുന്ന പ്രവർത്തികളാണ് വഞ്ചന, കപടത എന്നിവ.

**ചോദ്യം 13 :** വിദ്യാർത്ഥിയുടെ മുഖ്യകർത്തവ്യം എന്താണ്?

**ഉത്തരം :** തന്റെ അറിവും ശരീരബലവും നിരന്തരം വർദ്ധിപ്പിക്കലാണ് വിദ്യാർത്ഥിയുടെ മുഖ്യ കർത്തവ്യം.

(തുടരും)

***ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

മഹർഷി ദയാനന്ദ സരസ്വതി
തർജ്ജമ: കെ.എം. രാജൻ

## അഞ്ചാം പ്രഭാഷണം (വേദവിഷയം)




'ചത്വാരോ വേദാ മുഖേ യസ്യ ഇതി ചതുർമ്മുഖഃ' എന്നിതിനെ സമാസിക്കണം. സൃഷ്ടിയുടെ ആരംഭത്തിൽ ഈശ്വരൻ വേദജ്ഞാനം ഈ നാല് ഋഷിമാരിലൂടെ പ്രകാശിപ്പിച്ചു. അവരിൽ നിന്ന് ബ്രഹ്മാവും തുടർന്നദ്ദേഹം ലോകരേയും ഈ ജ്ഞാനമുപദേശിച്ചു. അങ്ങിനെ മനുഷ്യന്മാർക്ക് ജ്ഞാനം ലഭിച്ചു. അതിനാലിതിന് വേദമെന്ന പേരുവന്നു. ഋഷിമാർ മറ്റു ഋഷിമാരിൽ നിന്ന് കേട്ടറിഞ്ഞുവന്നതിനാൽ ഇതിന് 'ശ്രുതി' എന്ന പേരു ലഭിച്ചു.

അഗ്നി, വായു, ആദിത്യൻ, അംഗിരസ് എന്നീ നാലു ഋഷിമാർക്ക് ആദ്യം വേദജ്ഞാനം പ്രാപ്തമായി. എന്തുകൊണ്ടാണ് നാല് ഋഷിമാർക്ക് മാത്രം ലഭിച്ചത്? അധികമൊരാൾക്ക് കിട്ടാത്തതെന്ത്? എന്തുകൊണ്ടിത് അഞ്ചല്ല. അല്ലെങ്കിൽ മൂന്നല്ലാ എന്നിങ്ങനെയുള്ള സംശയങ്ങളും ഉയരാനിടയുണ്ട്. ഇതിനെ 'അശോകവനികാന്യായം' എന്നു പറയും (രാവണൻ സീതയെ എന്തുകൊണ്ട് അശോകവനത്തിൽ തന്നെ സൂക്ഷിച്ചുവെച്ചു. മറ്റു സ്ഥലങ്ങൾ എന്തുകൊണ്ട് തിരഞ്ഞെടുത്തില്ല? അശോകവനത്തിലല്ലാ മറ്റു വല്ലിടത്താണെങ്കിലും ഇത്തരം ചോദ്യങ്ങളുന്നയിക്കുന്നവരുണ്ടാകും). അത് ഇവിടേയും സ്വാഭാവികമായുയർന്നു എന്നാണ് വരുന്നത്.

വേദങ്ങൾ നിത്യങ്ങളല്ലെന്നും ആധുനികമാണെന്നും ചിലർ പറയാനിടയുണ്ട്. എന്തെന്നാൽ ബ്രഹ്മദേവന്റെ മനസ്സിൽ ജ്ഞാനത്തിരമാല ഉൽപ്പന്നമായി. അതുമുതൽ വേദത്തിന്റെ പരമ്പര ആരംഭിച്ചുവരുന്നു. പിന്നെങ്ങിനെയിത് നിത്യമാകും? എന്നാലിത് അങ്ങിനെയല്ല. ഈശ്വരന്റെ അപൂർവ്വജ്ഞാനമാണത്. ജ്ഞാനരചന നിത്യവുമാണ്. സൃഷ്ടിയുടേയും വേദങ്ങളുടേയും ആവിർഭാവ - തിരോഭാവങ്ങൾ കേവലമാണ്. എന്തെന്നാൽ

**സൂര്യാചന്ദ്രമസൗ ധാതാ യഥാപൂർവ്വമകൽപ്പയത്| (ഋഗ്വേദം 10.190.3)**

എന്നീ വചനങ്ങൾ ഈശ്വരീയജ്ഞാനം നിത്യമാണെന്നുള്ളതിനുള്ള പ്രമാണമാണ്.

ബ്രഹ്മാവിന് പിറകെ വിരാഡ് ഉൽപ്പന്നമായി. തുടർന്ന് വസിഷ്ഠൻ, നാരദൻ, ദക്ഷൻ, പ്രജാപതി, സ്വായംഭുവ മനു തുടങ്ങിയവരും. ഈ ഋഷിമാരുടെ മനസ്സിൽ ഈശ്വരൻ പ്രകാശം ചൊരിഞ്ഞു. ഇനി ഈ വ്യാഖ്യാനം മുഴുമിപ്പിക്കുന്നതിന് മുമ്പ് വേദവിഷയത്തിൽ സാധാരണ ചിന്തനം നടത്തണം.

*(തുടരും)*

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*
*വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*






(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



ഒരു ദിവസം ഒരു വ്യക്തി ആശ്രമത്തിൽ വന്ന് സംസ്കൃതത്തിൽ ഭാഗവത പുരാണത്തെ പ്രകീർത്തിച്ചും വേദങ്ങളെ നിന്ദിച്ചും സംസാരിച്ചു. വേദങ്ങളെ നിന്ദിക്കുന്നത് കേട്ടപ്പോൾ അദ്ദേഹത്തിന് സഹിച്ചില്ല. അദ്ദേഹം മൗനവ്രതം അവസാനിപ്പിച്ചു. അന്നുമുതൽ അദ്ദേഹം ദൃഢനിശ്ചയമെടുത്തു. സത്യമാർഗ്ഗത്തിൽ സഞ്ചരിച്ച് പ്രചാരപ്രവർത്തനങ്ങൾ നടത്തുവാൻ എന്തുതന്നെ തടസ്സങ്ങൾ നേരിട്ടാലും അവയേ ധൈര്യപൂർവ്വം നേരിടാനുറച്ചു. നിരാശകൈവെടിയണം.

## ഫറുഖാബാദിലെ വിഗ്രഹാരാധനാ ഖണ്ഡനം

ഹരിദ്വാറിൽ നിന്ന് കസിൻനഗർ, കായംഗഞ്ച് തുടങ്ങിയ സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് സ്വാമിജി ഫറുഖാബാദിലെത്തി. അവിടത്തെ ജനങ്ങൾ സ്വാമിജിയേകണ്ട് അത്യന്തം ആകൃഷ്ടരായി. ദിനം പ്രതി നിരവധിപേർ അദ്ദേഹത്തെ കാണാനെത്തി. സ്വാമിജി ഇതുവരേക്കും സംസ്കൃതത്തിലായിരുന്നു സംസാരിച്ചിരുന്നത്. അദ്ദേഹത്തിന്റെ സംസ്കൃതം വളരെ സരളമായതായിരുന്നതിനാൽ സാധാരണ സംസ്കൃതം പഠിച്ചവർക്കുപോലും മനസ്സിലാകുമായിരുന്നു. അവിടെ സ്വാമിജിയുടെ ഒരു ഭക്തൻ പന്നലാൽ രയ്സ് ഉണ്ടായിരുന്നു. പന്നലാൽജിക്ക് സംസ്കൃതം അത്രവശമില്ലാതിരുന്നതിനാൽ മനസ്സിലാക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുവെന്നറിഞ്ഞപ്പോൾ സ്വാമിജി ഹിന്ദിയിൽ സംസാരിക്കാൻ തുടങ്ങി. ഫറുഖാബാദിൽ വെച്ച് സ്വാമിജി വിഗ്രഹാരാധനയെ അതിനിശിതമായി ഖണ്ഡനം ചെയ്തു. തൽഫലമായി പലയിടത്തും അദ്ദേഹത്തെ അപായപ്പെടുത്താനുള്ള ഗൂഢാലോചനകൾ രൂപം കൊണ്ടു. ദുഷ്ടനായ ഒരു വൈരാഗി അവിടത്തെ പണ്ഡകളെ ( പുരോഹിതരെ അവിടങ്ങളിൽ അങ്ങിനെയാണ് വിളിക്കുന്നത്) മഹർഷിക്കെതിരായി ഉത്തേജിപ്പിച്ചു. സ്വാമിജി ഗംഗയുടെ മഹത്വത്തെ നശിപ്പിക്കുകയാണെന്നും അതിനാൽ അദ്ദേഹത്തെ ഇല്ലായ്മ ചെയ്യണമെന്നും അവരെ പറഞ്ഞുബോധിപ്പിച്ചു. നിരക്ഷരരായ ഏതാനും പേരെയും ഇവരോടൊപ്പം കൂട്ടി ചേർത്തു. അവരെല്ലാവരും ചേർന്ന് സ്വാമിജിക്ക് മുന്നിലെത്തി. സ്വാമി ദയാനന്ദന്റെ ഉജ്ജ്വല തേജസ്സിനു മുന്നിൽ ഒരു ക്ഷണം പോലും അവർക്ക് പിടിച്ച് നിൽക്കാനായില്ല.

*(തുടരും)*

*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)*
*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*